# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

08-06-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1828

## വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എം.വിൻസെന്റ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി ഇപ്പോൾ നടക്കുന്ന വേഗതയിൽ പണി തുടർന്നാൽ പ്രഖ്യാപിത ദിവസത്തിന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ ;<br><br>(ബി) പദ്ധതിയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ; | (എ) യും (ബി) യും വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കൺസഷൻ കരാർ പ്രകാരം 2019 ഡിസംബർ 4-ാം തീയതി പണി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 2017 നവംബർ 30 ന് ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ യന്ത്രസാമഗ്രികൾക്കും, നിർമ്മാണ പ്രവൃത്തികൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ കാരണം നിർമ്മാണ പ്രവൃത്തി 16 മാസം വരെ നീണ്ടുപോകാമെന്ന് അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. പ്രധാന പ്രവർത്തിയായ പുലിമുട്ടിന്റെ പണി 1600 മീറ്റർ നീളം പൂർത്തീകരിക്കേണ്ട സമയത്ത് 600 മീറ്റർ ആണ് ഇപ്പോൾ പൂർത്തിയായത്. ആയതിനാൽ കൂടുതൽ ശേഷിയുള്ള ഡ്രഡ്ജറുകൾ ഉപയോഗിച്ച് റിക്ലമേഷൻ ജോലികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയത്ത് തന്നെ പണി പൂർത്തീകരിക്കാൻ അദാനി തുറമുഖ കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ടോ ; | (സി) ഉണ്ട്. |
| ഡി) തിരുവനന്തപുരം - നാഗർകോവിൽ റെയിൽ പാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽവെ പാതയുടെ നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ ; | ഡി) റെയിൽ പാതയുടെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാഥമിക പഠനങ്ങൾ നടത്തുവാൻ RITES, RVNL തുടങ്ങിയ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിരുന്നത്. ഇവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തുരങ്ക മാർഗ്ഗമുള്ള റെയിൽ പാതയാണ് പദ്ധതിക്ക് അനുയോജ്യമെന്നു കണ്ടെത്തുകയും കൊങ്കൺ റെയിൽ കോർപ്പറേഷനെ ടി പദ്ധതിയുടെ വിശദ പഠനവും |

നിർമാണവും ഏൽപിച്ചുകൊണ്ട് 2018, ഫെബ്രുവരി 20 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊങ്കൺ റെയിൽ കോർപ്പറേഷൻ 2018 ജൂൺ മാസത്തിൽ പ്രവർത്തികൾ ആരംഭിക്കുന്നതാ ണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| (ഇ) ദേശീയ പാത 66 നെയും, തുറമുഖത്തേയും ബന്ധിപ്പിക്കുന്ന നാല് വരി പാതയുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി പൂർണ്ണതോതിൽ ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ ;എങ്കിൽ പ്രസ്തുത പാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ? | (ഇ) റോഡ് നിർമ്മാണത്തിനുള്ള ഭൂമി പൂർണ്ണമായും ഏറ്റെടുത്തു നൽകിയിട്ടുണ്ട്. 1.8 കി.മീ നീളമുള്ള നാലുവരി പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജലാശയങ്ങളും കുളങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയൺമെന്റ് സെന്റർ (KSREC) എന്ന സ്ഥാപനം വഴി പഠനം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ